## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.830 — 05.02.2020 -ൽ മറുപടിയ്ക്ക്

## കേന്ദ്ര വനനയത്തിന്റെ തുടർനടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ : | | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര വനം വകുപ്പ് പുറത്തിറക്കിയ വന നയപ്രകാരം നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ ആരംഭിച്ചിട്ടുണ്ടോ; | (എ) വനസംരക്ഷണ വനപരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിലൂടെ നടപ്പിലാക്കുക എന്ന 1988 ലെ കേന്ദ്ര വനനയത്തിന്റെ ഭാഗമായി കേരളത്തിൽ 2002 മുതൽ പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കി വരുന്നു. നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ കേന്ദ്ര വനം വകുപ്പ് പുറത്തിറക്കിയ 2018 ലെ കരട് വന നയത്തിലാണ് പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത വന നയം പ്രാബല്യത്തിൽ വരുത്തിയിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ സംസ്ഥാന വനം വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതുമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടം / കോട്ടം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | കേന്ദ്ര വനനയത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, | (സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് ഏജൻസി എന്നിവയുടെ സഹായത്തോടെ വനാശ്രിത സമൂഹത്തിന് വനമേഖലയിൽ ജോലി സാധ്യത ലഭ്യമാക്കുവാൻ ഫോറസ്റ്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

Praveen

സെക്ഷൻ ഓഫീസർ